ഉത്തരം

(എ) ഉണ്ട്. ഇത് തടയുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വരുന്നതിനോടൊപ്പം ഡെങ്കിപ്പനി, എലിപ്പനി എന്നിവയുടെ പ്രാരംഭ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയ്ക്ക് അനുവദിച്ചു കിട്ടിയ ഫണ്ട് രോഗപ്രതിരോധ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും വിതരണം നടത്തിയിട്ടുണ്ട്. ജില്ലയിലെ പനിബാധിത പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളിൽക്കൂടി മരുന്നുകൾ വിതരണം നടത്തിവരുന്നുണ്ട്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും 8-7-2003-ന് അവലോകനയോഗങ്ങളും 10-7-2003-ന് വാർഡുതല യോഗങ്ങളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ ഫീവർ ക്ലിനിക്കുകൾ നടത്തുന്നുണ്ട്. ബോധവൽക്കരണ/നിരീക്ഷണ/പ്രതിരോധ പ്രവർത്തനങ്ങളും ഊർജിതമായി നടത്തി വരുന്നു.

(ബി) കാഞ്ഞങ്ങാട്ടുള്ള ജില്ലാ ആശുപത്രിയിൽ പനിക്കും മറ്റ് സാംക്രമിക രോഗങ്ങൾക്കും ഉള്ള അവശ്യ മരുന്നുകൾ ലഭ്യമാണ്.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നടപടി

97 (2224) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ സ്ഥാപനത്തിലെ മേധാവിയും ഡയറക്ടറും ആരെല്ലാം ആണെന്ന് അറിയിക്കാമോ ;

(സി) ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ;

(ഇ) ഡയബറ്റീസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭാരതത്തിൽ പ്രമേഹം (ഡയബറ്റീസ്) എന്ന അസുഖം തടയാനുള്ള ബോധവൽക്കരണം നടത്തുക, അസുഖം ചികിത്സിച്ച് ഭേദപ്പെടുത്തുക, ഈ രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുക, രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും വേണ്ട ആധുനിക പരിശീലനം നൽകുക എന്നിവയാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ മുഖ്യ ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡോ. അശോക് കുമാർ ദാസ് എന്ന പ്രമുഖ ഡയബറ്റീസ് ചികിത്സാ വിദഗ്ധനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) സെമിനാറുകൾ നടത്തുക, ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ഡി) സർക്കാരിൽ നിന്നും ലഭിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ഇ) നടപടികൾ സ്വീകരിച്ചുവരികയാണ്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വാർഷിക ഫീസ്

98 (2225) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വാർഷിക ഫീസ് ഈ വർഷം നിശ്ചയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) മാനേജ്മെന്റ് പ്രതിവർഷം എന്തുതുക ഫീസായി ചുമത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) ഫീസ് നിർണ്ണയിക്കുന്നതിന്റെ ആവശ്യത്തിലേക്കായി ഒരു മെഡിക്കൽ വിദ്യാർത്ഥിയുടെ ചെലവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് നടത്തിയത് ; പഠനത്തിൽ എന്തുതുക എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഫീസ് നിർണ്ണയിക്കുന്നതിന്റെ മുന്നോടിയായി മാനേജുമെന്റുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ; ചർച്ചയുടെ ഫലം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല. 2003-2004-ലെ ഫീസ് നിർണ്ണയം സംബന്ധിച്ച നടപടികൾ ഗവൺമെന്റിന്റെ സത്വര പരിഗണനയിലാണ്.

(ബി) പ്രതിവർഷം 3 ലക്ഷം രൂപ മുതൽ 4.38 ലക്ഷം രൂപ വരെയാണ് വിവിധ മാനേജുമെന്റുകൾ ഫീസിനത്തിൽ ആവശ്യപ്പെട്ടത്.

(സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരിശോധനയിൽ ഏകദേശം 1,60,000 രൂപയോളം പ്രതിവർഷം സർക്കാർ കോളേജിൽ പഠിക്കുന്ന ഒരു മെഡിക്കൽ വിദ്യാർത്ഥിക്കുവേണ്ടി സർക്കാരിന് ചെലവ് വരുന്നതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly